**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2717** | **14-09-2023 - ൽ മറുപടിയ്ക്ക്**

**മെഡിസെപ് ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഇൻഷ്വറൻസ് കുടിശിക ഉള്ളതിനാൽ സ്വകാര്യ ആശുപത്രികളിൽ നിന്നും മെഡിസെപ് ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഇല്ല. 23.06.2022 ലെ ജി ഒ (പി) നം.70/2022/ധന പ്രകാരം 01.07.2022 ൽ നിലവിൽ വന്ന സമഗ്ര ആ രോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് -ൽ **ഇൻഷ്വറൻസ് കമ്പനിയുമായി സർക്കാർ ഒപ്പിട്ട കരാർ (MoU) പ്രകാരം 3 വർഷ കാലയളവിലേക്കുള്ള ഗുണഭോക്താക്കളുടെ പ്രീമിയം തുക ഓരോ പോളിസി വർഷത്തിലും 4 അഡ്വാൻസ് ഗഡുക്കളായാണ് ഇൻഷ്വറൻസ് കമ്പനിക്ക് നൽകുന്നത്. ഇപ്രകാരം ഒന്നാം പോളിസി വർഷത്തിൽ 4 അഡ്വാൻസ് ഗഡുക്കളും രണ്ടാം പോളിസി വർഷത്തെ ആദ്യ 3 മാസത്തെ തുകയും അഡ്വാൻസ് ആയി ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയിട്ടുണ്ട്. അക്കാരണത്താൽ തന്നെ ഇൻഷ്വറൻസ് കമ്പനിക്ക് നൽകാൻ കുടിശികയൊന്നും അവശേഷിക്കുന്നില്ല. എന്നാൽ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ആശുപത്രികൾക്ക് നൽകേണ്ട തുക കുടിശിക വരുന്ന സാഹചര്യത്തിൽ ആയത് അടിയന്തിരമായി കൊടുത്തു തീർക്കുന്നതിനും അതുവഴി മെഡിസെപ് ചികിത്സാ ആനുകൂല്യം തടസ്സമില്ലാതെ തുടരുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.** |
| (ബി) | മെഡിസെപ് പദ്ധതി വഴി ചികിത്സ നൽകിയ ഇനത്തിൽ ആശുപത്രികൾക്ക് നൽകാനുള്ള കുടിശിക എത്രയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കുടിശിക എത്ര നാളിനകം കൊടുത്തുതീർക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | മെഡിസെപ് പദ്ധതി വഴി ചികിത്സ നൽകിയ ഇനത്തിൽ ആശുപത്രികൾക്ക് നൽകാനുള്ള കുടിശികയുടെ വിശദവിവരം ഇൻഷ്വറൻസ് കമ്പനി ലഭ്യമാക്കിയിട്ടുള്ളത് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ചികിത്സാ പാക്കേജുകൾ പരിഷ്കരിച്ച്, സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും മെച്ചപ്പെട്ട | (സി) | 01.07.2022 ൽ നിലവിൽ വന്ന **സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര** |

| | | | |
|---|---|---|---|
| | ചികിത്സ ഉറപ്പവരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ; | | **ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ് ൽ ഇ-ടെണ്ടർ നടപടികളിലൂടെ മെഡിസെപ് പദ്ധതി നടപ്പിലാക്കുവാൻ തെരഞ്ഞെടുത്ത ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ഒപ്പിട്ട കരാർ (MoU) പ്രകാരം 3 വർഷ കാലയളവിലേക്ക് ചികിത്സാ പാക്കേജുകൾ നിശ്ചയിച്ച് ഉൾപ്പെടുത്തി പദ്ധതി ആരംഭിച്ച കഴിഞ്ഞതിനാൽ 2022-25 പോളിസി കാലയളവിൽ പാക്കേജുകൾ പരിഷ്കരിക്കുന്നതിന് നിർവ്വാഹമില്ല.** |
| (ഡി) | മെഡിസെപ്പ് ആനുകൂല്യം ലഭിക്കുന്നതിന് പ്രത്യേക അനുമതി വേണ്ട സന്ദർഭങ്ങളിൽ ആയത് സമയബന്ധിതമായി നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ; | (ഡി) | മെഡിസെപ് ആനുകൂല്യം ലഭിക്കുന്നതിന് പ്രത്യേകമായി അനുമതി ആവശ്യമില്ലാത്തതാണ്. |
| (ഇ) | മെഡിസെപ് ആനുകൂല്യങ്ങൾ ലഭിക്കുന്നതുമായി ബന്ധപ്പെട്ട പരാതി നൽകുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ; ആയത് വിപുലീകരിക്കുന്നതിനുവേണ്ടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ വിശദമാക്കാമോ? | (ഇ) | 30 ലക്ഷത്തോളം പേർക്ക് ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്ന മെഡിസെപ് പദ്ധതിയിൽ വിവിധ സ്ഥാപനങ്ങൾ ഭാഗഭാക്കായിരിക്കുന്നതിനാൽ കുറ്റമറ്റ ഒരു പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് മെഡിസെപ് സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി **ഇൻഷുറൻസ് കമ്പനി ചുമതലപ്പെടുത്തിയിട്ടുള്ള തേർഡ് പാർട്ടി അഡ്മിനിസ്ട്രേറ്റർ (TPA) മുഖേന 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾസെന്റർ സജ്ജീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ഗുണഭോക്താവിന് മെഡിസെപ് സംബന്ധിച്ച പരാതികൾ മെഡിസെപ് സൈറ്റിലെ (www.medisep.kerala.gov.in) ഗ്രീവൻസ് പോർട്ടലിൽ onlineആയി രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടാതെ സർക്കാർ തലത്തിൽ ജില്ലാതല പരാതി പരിഹാര കമ്മിറ്റി, സംസ്ഥാനതല പരാതി പരിഹാര കമ്മിറ്റി, അപ്പലേറ്റ് അതോറിറ്റി എന്നിവ ഉൾപ്പെടുന്ന ത്രിതല പരാതി പരിഹാര സംവിധാനം നിലവിലുണ്ട്. പരാതി പരിഹാര സംവിധാനത്തെക്കുറിച്ച് 27.06.2022 ലെ സ.ഉ.(പി) നം.76/2022/ധന നമ്പർ സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ

| | Hospital Name | No.of Claims | Amount |
|---|---|---|---|
| 1) | Amala Institute Of Medical Sciences | 9,734 | 27,75,79,171 |
| 2) | NS Memorial Institute of Medical Sciences | 7,906 | 25,85,64,427 |
| 3) | AKG Hospital | 6,733 | 14,95,92,549 |
| 4) | MVR Cancer Centre and Research Institute | 5,949 | 17,78,19,162 |
| 5) | Kozhikode Distrcit corporative Hospital | 5,931 | 17,14,56,386 |
| 6) | Malabar Institute of medical science | 5,716 | 16,47,05,562 |
| 7) | Believres Church Medical college | 5,194 | 9,86,66,340 |
| 8) | APOLLO ADLUX HOSPITAL (A UNIT OF ADLUX MEDICITY AND CONVENTION CENTRE PRIVATE LIMITED) | 5,014 | 10,90,32,953 |
| 9) | SH Medical Centre | 4,478 | 9,81,97,460 |
| 10) | Badagara Sahakarana Asupathri | 4,295 | 5,28,60,438 |